പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *266 | 18.07.2016-ൽ മറുപടിയ്ക്ക്

## പി.ഡബ്ല്യൂ.ഡി. വകുപ്പിന്റെ ആധുനികവത്ക്കരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, വി.ഡി.സതീശൻ<br>,, എ.പി.അനിൽ കുമാർ<br>,, വി.പി.സജീന്ദ്രൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പി.ഡബ്ല്യൂ.ഡി. വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) പൊതുമരാമത്ത് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി വിവിധ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>1.പൊതുമരാമത്ത് വകുപ്പ് മാന്വൽ കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ട്.<br>2. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഓൺലൈനായി സമർപ്പിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതിന് National Informatic Centre (NIC) മായി സഹകരിച്ച് Project Information and Cost Estimation (PRICE) സോഫ്റ്റ്‌വെയർ രൂപകൽപന ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.<br>3. ഇ-ടെണ്ടറിംഗ് സിസ്റ്റം നിലവിൽ വരുത്തി.<br>4. ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.<br>5. പൊതുമരാമത്ത് പ്രവൃത്തികൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിലേക്കായി റോഡുകളും പാലങ്ങളും വിഭാഗത്തിൽ MoRTH Specification-ഉം Delhi Schedule of Rate -ഉം നടപ്പിലാക്കി.<br>6. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ചു.<br>7. ആധുനിക സാങ്കേതികവിദ്യ നടപ്പാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്രീ - |

കൃത പരിശീലനത്തിനുവേണ്ടി നേര്യമംഗലത്ത് ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണവും നടന്നുവരുന്നു.

| | | | |
|---|---|---|---|
| **(ബി)** | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ; | **(ബി)** | മേൽപ്പറഞ്ഞ പരിഷ്കാരങ്ങൾ മുഖേന പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കിയിട്ടുണ്ട്. മാന്വൽ പരിഷ്കരണം മുഖേന ഉദ്യോഗസ്ഥരുടെ അധികാരങ്ങൾ പുനർക്രമീകരിച്ചതിനാൽ പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനമായ Project Information and Cost Estimation സോഫ്റ്റ്‌വെയർ നടപ്പിലാക്കിയതു വഴി എസ്റ്റിമേറ്റ് തയ്യാറാക്കി അവ അംഗീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ കഴിയുന്നുണ്ട്. ഇ-ടെണ്ടറിംഗ്, ഇ-പേയ്മെന്റ് സംവിധാനം വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യമാക്കുവാനും സാധിക്കുന്നുണ്ട് . MoRTH Specification-ഉം Delhi Schedule of Rate -ഉം നടപ്പിലാക്കിയതു വഴി പ്രവൃത്തികളെ ദേശീയനിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ കഴിയുന്നുണ്ട്. ജില്ലാതലത്തിലുള്ള ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. |
| **(സി)** | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി ; വിശദീകരിക്കാമോ ? | (സി) | പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഗൗരവപൂർവ്വം വിലയിരുത്തി നടപ്പാക്കുകയും പോരായ്മകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**